നമ്പർ: സി.ബി. (1) 43609/2011

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 14.10.2011.

Email : keralarcs@coop.kerala.gov.in
Website: www.cooperation.kerala.gov.in
Tel.No. 0471-2330726

## സർക്കുലർ നമ്പർ - 72/2011

വിഷയം : സഹകരണ വകുപ്പ് — സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹ: ബാങ്കുകളുടെയും പ്രാഥമിക സംഘങ്ങളുടെയും ഓഹരി മൂലധനം വർദ്ധിപ്പിക്കൽ - പ്രാഥമിക സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിലും, ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹ: ബാങ്കിലും കൂടുതൽ ഓഹരി എടുക്കുന്നത് സംബന്ധിച്ച്-സർക്കുലർ പുറപ്പെടുവിക്കുന്നത്.

സൂചന : ഉത്സവം

.............................

സംസ്ഥാനത്തെ വായ്പാ മേഖലയിൽ പ്രവൃത്തിക്കുന്ന സംഘങ്ങളിൽ/ബാങ്കുകളിൽ ഓഹരി ഇനത്തിൽ കൂടുതൽ തുകകൾ ശേഖരിച്ച്, സംഘങ്ങളുടെടേയും ബാങ്കുകളുടേയും അടിത്തറ കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണെന്ന് കാണുന്നു. ഭാരതീയ റിസർവ് ബാങ്കിന്റെ ലൈസൻസിംഗ് മാനദണ്ഡങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള മൂലധന പര്യാപ്തത സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ മേഖലയിലെ അപ്പക്സ് ബാങ്കായ സംസ്ഥാന സഹകരണ ബാങ്കിനും സെൻട്രൽ ബാങ്കായ ജില്ലാ സഹകരണ ബാങ്കുകൾക്കും വർദ്ധിപ്പിക്കേണ്ടതുണ്ട്. സംസ്ഥാന സഹകരണ ബാങ്കിന് ബാങ്കിംഗ് റഗുലേഷൻ ആക്റ്റിലെ വകുപ്പ് 11(1) പാലിക്കാൻ കഴിയാത്തതിന്റെ പോരായ്മ പരിഹരിക്കുന്നതിനും, ജില്ലാ സഹകരണ ബാങ്കുകൾ കൂടുതൽ ഓഹരി സംസ്ഥാന സഹകരണ ബാങ്കിലും എടുക്കേണ്ടതാണ്. സംസ്ഥാനത്തെ വായ്പാ മേഖല കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന് സംസ്ഥാനത്തെ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളും ജില്ലാ സഹകരണ ബാങ്കുകളിൽ കൂടുതൽ ഓഹരിയെടുക്കണമെന്നും ജില്ലാ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കുകളിൽ അധിക ഓഹരി എടുത്ത് വായ്പാ മേഖലയുടെ ശാക്തീകരണത്തിൽ പങ്കാളികളാകേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

ഒപ്പ്,
ഡോ: എസ് രവീന്ദ്രൻ, ഐ.എ.എസ്,
സഹകരണ സംഘം രജിസ്ട്രാർ.

പകർപ്പ് :

1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
3. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
4. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ )/ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
5. എല്ലാ ജോയിന്റ് ഡയറക്ടർ /സമകാലീന ആഡിറ്റർ, മാർക്കും
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ), അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മുഖേന)
7. എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും, (അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മുഖേന. 8. എഡിറ്റർ, സഹകരണ വീഥി, സഹകരണ ജേർണൽ.
9. സ്റ്റോക്ക് ഫയൽ/ സ്പെയർ

//ആജ്ഞാനുസരണം.//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.ബി ).

എൻ.പി/